
# ഒരു വിദ്യാർത്ഥി വീക്ഷണം

*"നമ്മുടെ രാജ്യം അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്നത് അനാഥത്വത്തിലേക്കാണ്. ഈ കുതിയുടെ അച്ചുകോലായിത്തീർന്നിരിക്കുകയാണ് നിർഭാഗ്യവശാൽ നമ്മുടെ സർവ്വകലാശാല വിദ്യാഭ്യാസം. നമ്മുടെ കലാലയ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളെകുറിച്ച് ഒരവലോകനം.*



**കവിതമോൾ**

സ്വതന്ത്രഭാരതത്തിനു മുമ്പും പിമ്പുമായി ഉണ്ടായിട്ടുള്ള പല വിദ്യാഭ്യാസക്കമ്മീഷൻ റിപ്പോർട്ടുകൾക്കും ശേഷം 1986-ൽ നമ്മുടെ പാർലമെൻറ് അംഗീകരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദേശീയ വിദ്യാഭ്യാസ നയത്തിൻെറ ഫലമായി വിദ്യാഭ്യാസം എന്നത് ഭാവിയിലേക്കുള്ള ഒരു മുതൽമുടക്കാണ് — "Education is a unique investment for future" — എന്ന വസ്തുത അംഗീകരിച്ചിരിക്കുകയാണ്. ശരിയായി ആസൂത്രണം ചെയ്തതും, ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നതുമായ ഒരു വിദ്യാഭ്യാസസമ്പ്രദായംവഴിമാത്രമേ സാമ്പത്തിക, സാങ്കേതിക വികാസത്തിൻെറ സദ്ഫലങ്ങൾ നമ്മുടെ ജനതയിൽ എത്തിക്കുവാൻ കഴിയൂ. വരാനിരിക്കുന്ന ദശകങ്ങളിൽ ജീവിതം പുത്തൻവെല്ലുവിളികളും, ഒട്ടേറെ സാദ്ധ്യതകളും കൊണ്ടുവരാൻ പോവുകയാണ്. ഇത്തരം വെല്ലുവിളികളെ അഭിമുഖീകരിക്കുവാനും, അവസരങ്ങളെ ഉപയോഗിക്കുവാനും വളരുന്ന തലമുറകളെ സജ്ജമാക്കേണ്ടതുണ്ട്. മാനുഷിക മൂല്യങ്ങളോടും സാമൂഹികനീതിയോടും പ്രതിബദ്ധതയുള്ളതാകണം അവരുടെ പ്രവൃത്തികൾ. ഇതു കൈവരിക്കാനുള്ള മാർഗ്ഗമാവട്ടെ വിദ്യാഭ്യാസമാണുതാനും. ഈ വസ്തുത മനസ്സിലാക്കിയ നമ്മുടെ രാജ്യം — ഭാരതം — വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം ഉയർത്തുന്നതിനും ഭാവിയുടെ വെല്ലുവിളികളെ നേരിടുന്നതിനും ഉതകുന്ന തരത്തിൽ നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയെ പുനരവലോകനം ചെയ്യുകയും, പുനഃസംവിധാനം ചെയ്യുകയും എന്ന പ്രക്രിയയിൽ വളരെ സുപ്രധാനമായ ഒരു ഘട്ടത്തിൽ എത്തിയിരിക്കുകയാണ്. അതിനാൽ ഈ സന്ദർഭത്തിൽ നമ്മുടെ 'ഉന്നത വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ' എന്തെല്ലാമെന്ന് പരിശോധിക്കുന്നത് എന്തുകൊണ്ടും സമുചിതമായിരിക്കുമല്ലോ.

കോളേജ് വിദ്യാഭ്യാസത്തെ സംബന്ധിച്ചകാര്യം മാത്രമെടുത്ത് പരിശോധിക്കുന്നവർക്ക് ബാഹ്യതലത്തിൽ തന്നെ പൊന്തിക്കാണുന്ന രണ്ടുമൂന്നു കാര്യങ്ങളാണുള്ളത്. (1) കോളേജുകളിൽ പ്രവേശനത്തിനായി തള്ളിക്കയറുന്ന വിദ്യാർത്ഥികളുടെ എണ്ണപ്പെരുപ്പം. (2) വിദ്യാർത്ഥികളിൽ പൊതുവിൽ സിലബസ്സിൽപ്പെട്ട വിഷയങ്ങൾ പഠിക്കുന്നതിനുള്ള താല്പര്യരാഹിത്യം. (3) വിദ്യാർത്ഥി സമൂഹത്തിലും, വിദ്യാലയാന്തരീക്ഷത്തിലും വളർന്നുവരുന്ന അച്ചടക്കരാഹിത്യം.

എണ്ണപ്പെരുപ്പത്തിൻെറ ഫലമായി ഷിഫ്ട് സമ്പ്രദായം തുടങ്ങിയതോടെ കോളേജിലെ പഠനം ഇന്ന് വെറുമൊരു പ്രഹസനം മാത്രമായിത്തീർന്നിരിക്കുന്നു. പണ്ടൊക്കെ ജൂൺമാസത്തിൽ ക്ലാസ്സുകൾ ആരംഭിച്ചിരുന്നു. ഇന്നത് ഒക്ടോബർ പകുതിക്ക് മുമ്പ് സാദ്ധ്യമാണോ എന്ന് സംശയമാണ്. ഭരണപരമായ കാര്യക്ഷമതയില്ലായ്മയുടെ ഒന്നാംതരം തെളിവാണിത്. ഓരോ വർഷവും കോളേജുകളിൽ പ്രവേശനം തേടിവരുന്ന വിദ്യാർത്ഥികളുടെ എണ്ണം, ഓരോ കോളേജിനെയും കേന്ദ്രമാക്കി നിർണ്ണയിക്കുന്നതിന്, രണ്ടോ മൂന്നോ വർഷം മുമ്പുതന്നെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിന് കഴിയേണ്ടതാണ്. അതേപോലെ സർവ്വകലാശാലകൾക്കും പരീക്ഷ നടത്തുന്നതിനുള്ള സജ്ജീകരണം കാര്യക്ഷമമാക്കുന്നതിനു പറ്റും. അങ്ങനെയാണെങ്കിൽ കോളേജിലേക്കു കയറിവരുന്ന വിദ്യാർത്ഥികളെ ഒരിടത്തു പിടിച്ചിരുത്താൻ വലിയ ബദ്ധപ്പാടൊന്നുമില്ലാതെ സാധിക്കുമെന്ന കാര്യം തീർച്ചയാണ്.

ഈ എണ്ണപ്പെരുപ്പത്തെ നേരിടുന്നതിന് സാധാരണനിലയിൽ നിർദേശിക്കപ്പെടുന്ന ഒരു പരിഹാരമാർഗ്ഗവുമുണ്ട് — കോളേജുകളിൽ പ്രവേശനം നല്കുന്നവരുടെ എണ്ണം നിയന്ത്രിക്കുക, ഉന്നത വിദ്യാഭ്യാസം എല്ലാവർക്കും വേണ്ടിയുള്ളതല്ല, അർഹതയുള്ളവർക്കു മാത്രമുള്ളതാണ്. അത്തരക്കാർ മാത്രമാണ് പഠിക്കാൻ വരുന്നതെങ്കിൽ കോളേജിന്റെ അന്തരീക്ഷത്തിൽ ഇന്നു നിലനില്ക്കുന്ന സമരസ്വഭാവത്തിനു പകരം അക്കാദമിക്സ്വഭാവം പുനഃസ്ഥാപിക്കാൻ കഴിയും. ഈ സമീപനം സ്വീകരിച്ചാൽ അർഹത നിർണ്ണയിക്കപ്പെടുന്ന മാനദണ്ഡമെന്ത്. അനർഹരെന്നു വിധിക്കപ്പെട്ട ഭൂരിപക്ഷം വിദ്യാർത്ഥികളുടെ ഭാവിയെന്ത്? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതായി വരും


ഉന്നതവിദ്യാഭ്യാസത്തിന് ഉദ്യോഗവുമായുള്ള ബന്ധം ഛേദിച്ചുകളഞ്ഞാൽ വിദ്യാലയാന്തരീക്ഷത്തിന് അക്കാദമിക് സ്വഭാവം വീണ്ടെടുക്കാൻ കഴിയുമെന്ന് കരുതുന്നവരുണ്ട്. പക്ഷേ, അതു സാധിക്കുന്നതെങ്ങനെ? വിദ്യാഭ്യാസം ലഭിച്ചവരുടെ തൊഴിലില്ലായ്മ വർഷംതോറും വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരക്കാരുടെ ശരിയായ സംഖ്യ കിട്ടാൻവിഷമമാണ്. ഏതായാലും കോടിക്കണക്കിലാണത്. ഈ തൊഴിൽരാഹിത്യത്തിന്റെ മാനസികാഘാതം കലാലയത്തിലെ അച്ചടക്കത്തേയും പാഠ്യവിഷയത്തിൽ വിദ്യാർത്ഥികൾക്കുള്ള താല്പര്യത്തേയും സ്വാധീനിക്കുന്നുവെന്നതിൽ പക്ഷാന്തരമില്ല. ഏതായാലും പഠിപ്പും, പരീക്ഷയും, ഉദ്യോഗവും തമ്മിലുള്ള ബന്ധം ഛേദിച്ചുകളയുക സുഖകരമല്ല.

ഉന്നത വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികളിൽ മറ്റൊരു പ്രധാനകാര്യമാണ് യഥാർത്ഥ അധ്യാപകരുടെ അഭാവം. അറിവിന്റെ വെളിച്ചത്തിനുമുൻപിൽ ആത്മാർപ്പണമനോഭാവത്തോടെ നില്ക്കുന്ന അധ്യാപകർ ഇന്നു വിരളമാണ്. അധ്യാപകനും, വിദ്യാർത്ഥിയും തമ്മിലുള്ള ഗാഢസമ്പർക്കത്തിന്റെ അഭാവത്തിനു പ്രധാന കാരണം അധ്യാപകന്റെ ഗുണപരമായ താഴ്ചയാണ്. വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം ക്ലാസുമുറികളിൽ വിജ്ഞാനം വിളമ്പിക്കൊടുക്കുന്ന ഒരുപകരണം മാത്രമല്ല അധ്യാപകൻ; തന്റെ മുമ്പിൽ സജീവമായി നില്ക്കുന്ന ഒരു സാധനചാലം കൂടിയാണദ്ദേഹം. ഇന്ന് അധ്യാപകരിൽ അത്തരക്കാർ എത്രപേരുണ്ട്.

പഠനസൗകര്യത്തിന്റെ അഭാവവും ശ്രദ്ധേയമായ ഒരു കാര്യമാണ്. വിദ്യാർത്ഥികളുടെ എണ്ണപ്പെരുപ്പത്തിനനുസരിച്ച് കോളേജുകളിൽ പഠനസൗകര്യങ്ങൾ സൃഷ്ടിച്ചുകൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ക്ലാസുമുറികളും, കെട്ടിടങ്ങളും, ഉപകരണങ്ങളും പലപ്പോഴും അപര്യാപ്തവും. വിദ്യാലയങ്ങൾ നടത്തുകയെന്നത് മഹത്തായ കൃത്യമായി കരുതിയിരുന്ന ഒരുകാലമുണ്ടായിരുന്നു. ഇന്നാണെങ്കിൽ തികഞ്ഞ വ്യവസായ താല്പര്യങ്ങളാണ് സ്വകാര്യ ഉടമസ്ഥതയിലുള്ള മിക്ക കോളേജുകളേയും ഭരിക്കുന്നത്.

അനേകലക്ഷം വരുന്ന വിദ്യാർത്ഥികളെ മുഴുവൻ ഒരൊറ്റ മനദണ്ഡം കൊണ്ടളക്കുന്ന ശിക്ഷണരീതിയും, പരീക്ഷാ സമ്പ്രദായവും യുവാക്കളെ തികച്ചും അസ്വസ്ഥരാക്കുന്നു. അതിന്റെ ഫലമായി അവരിലുണ്ടാകുന്ന മാനസിക സംഘർഷവും അസ്വസ്ഥതയും കനൽപോലെ എരിഞ്ഞുകൊണ്ടിരിക്കുകയും, എന്തിന്റെയെങ്കിലും പേരിൽ സന്ദർഭം വന്നാൽ കത്തിപ്പടരുന്ന രോഷമായി — സമരമായി ആളിയുയരുകയും ചെയ്യും.

മടുപ്പ്, മടുപ്പ് — ഇതാണ് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഇന്ന് കോളേജിന്റെ അന്തരീക്ഷം. അവർ അവിടെ പുതിയ അറിവ് അന്വേഷിച്ചു വന്നതല്ല. സെക്കൻററി വിദ്യാഭ്യാസം കഴിഞ്ഞ ശേഷം മറ്റൊന്നും ചെയ്യാനില്ലാത്തുകൊണ്ടും, വല്ലതും ചെയ്യാൻ അവിടെനിന്നു പഠിച്ചിട്ടില്ലാത്തതുകൊണ്ടും കോളേജിൽ എത്തിപ്പെട്ടുവെന്നേയുള്ളു. ഇപ്പോൾ സെൻട്രൽ ഗവൺമെൻറ് നല്ല പൗരന്മാരെ വാർത്തെടുക്കുന്നതിനുവേണ്ടി പബ്ലിക് സ്കൂളുകളും, നവോദയവിദ്യാലയങ്ങളും സ്ഥാപിച്ചുവരുന്നു. ഇതിന്റെ ഫലമായി നമ്മുടെ രാജ്യത്ത് രണ്ടുതരം പൗരന്മാർ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. 'സാദാ' സ്കൂളുകളിൽനിന്നും വരുന്ന വിദ്യാർത്ഥികൾക്ക് കോളേജിൽ പഠിപ്പിക്കുന്ന മാധ്യമം ഒട്ടും പിടിയുള്ളതല്ല. മാതൃഭാഷയിൽനിന്നും, അവിടുത്തെ മാധ്യമഭാഷയിലേക്കുള്ള പരിവർത്തനം കുട്ടികളുടെ ആത്മവിശ്വാസം നിശ്ശേഷം നശിപ്പിച്ചു കളയുന്നു. അതോടെ പഠിക്കുന്ന വിഷയത്തിൽ അല്പമെങ്കിലും താല്പര്യമുണ്ടെങ്കിൽ അതു കെട്ടുപോവുകയും ചെയ്യുന്നു.



ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ രാജ്യം അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്നത് അനാഥത്വത്തിലേക്കാണ്. ഈ കുതിയുടെ അച്ചുകോലായിത്തീർന്നിരിക്കുകയാണ്, നിർഭാഗ്യവശാൽ, നമ്മുടെ സർവ്വകലാശാലാ വിദ്യാഭ്യാസം. പുറത്തുള്ള എല്ലാത്തിനെയും പ്രതിഫലിപ്പിക്കുകയല്ലാതെ പുറത്തുള്ള പ്രസ്ഥാനങ്ങളെ നയിക്കുക അതിനു സാദ്ധ്യമല്ല. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും, പ്രവർത്തനരീതിയിലും പുതിയൊരാദർശപരത നല്കാൻ അതിനു സാധിച്ചാൽ ഒരു നല്ല നാളെയുണ്ട്. അല്ലെങ്കിലോ?

